**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2500** **14.06.2019 -ൽ മറുപടിയ്ക്ക്**

## ആലപ്പാട് ഗ്രാമപഞ്ചായത്തിലെ അഴീക്കൽ ബീച്ചിലെ സൗകര്യങ്ങൾ

ചോദ്യം
ശ്രീ.ആർ. രാമചന്ദ്രൻ :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആലപ്പാട് ഗ്രാമപഞ്ചായത്തിലെ അഴീക്കൽ ബീച്ചിലെ പ്രാഥമികസൗകര്യങ്ങളുടെ കുറവും സുരക്ഷിതത്വമില്ലായ്മയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | ഉണ്ട്. പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായ ടോയലറ്റുകൾ പരിമിതമാണെന്നും ബീച്ചിൽ ലൈഫ് ഗാർഡുകളുടെ സേവനം ലഭ്യമാണെങ്കിലും സന്ദർശകരുടെ എണ്ണത്തിന് ആനുപാതികമായി ഇത് അപര്യാപ്തമാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പ്രസ്തുത ബീച്ചിൽ വച്ച് 2016 മുതൽ തിരമാലയിൽപ്പെട്ട് മരണമടഞ്ഞവരുടെ സംഖ്യ എത്രയെന്ന് വിശദീകരിക്കാമോ; | ബി) | ഇത് സംബന്ധിച്ച വിവരം ടൂറിസം വകുപ്പിൽ ലഭ്യമല്ല. |
| സി) | സഞ്ചാരികൾ നിരന്തരമായി മരണപ്പെടുന്നതിനുള്ള സാഹചര്യമുണ്ടാകുന്നത് ഒഴിവാക്കുന്നതിനുവേണ്ടി കൂടുതൽ ലൈഫ് ഗാർഡുകളെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | സി) | നിലവിൽ 2 ലൈഫ് ഗാർഡുകളാണ് പ്രസ്തുത ബീച്ചിൽ സേവനം ചെയ്യുന്നത്. കൂടുതലായി 2 ലൈഫ് ഗാർഡുകളെക്കൂടി നിയമിക്കുന്നതിനുള്ള നടപടികൾ പരിഗണിക്കാവുന്നതാണ്. |
| ഡി) | ഇവിടെ കൂടുതൽ ടോയ്ലെറ്റുകളും മറ്റ് അവശ്യസൗകര്യങ്ങളുമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | ഡി) | സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടോയ്ലറ്റുകളും മറ്റ് അവശ്യ സൗകര്യങ്ങളും സ്ഥാപിക്കുവാനുള്ള നടപടികൾ പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ